# പതിനാലാം കേരള നിയമസഭ

## പത്തൊമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.2179 — 11/03/2020-ൽ മറുപടിക്ക്

### കെ.എസ്.ഇ.ബി. ട്രാൻസ് ഗ്രിഡ് പദ്ധതി

| | ചോദ്യം<br><br>**ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ** | | മറുപടി<br><br>ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | കെ.എസ്.ഇ.ബി. ട്രാൻസ് ഗ്രിഡ് പദ്ധതിയിലെ കോലത്തുനാട്-കോട്ടയം ലൈൻസ് പാക്കേജിന്റെ എസ്റ്റിമേറ്റ് ഏത് സോഫ്റ്റ് വെയർ ഉപയോഗിച്ചാണ് തയ്യാറാക്കിയതെന്ന് വ്യക്തമാക്കുമോ; | (എ)<br>&<br>(ബി) | കെ.എസ്.ഇ.ബി. ട്രാൻസ് ഗ്രിഡ് പദ്ധതിയിലെ കോലത്തുനാട്- കോട്ടയം ലൈൻസ് പാക്കേജിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് സോഫ്റ്റ് വെയർ ഉപയോഗിച്ചിട്ടില്ല. കോലത്തുനാട്-കോട്ടയം ലൈൻസ് പാക്കേജിന്റെ സിവിൽ വർക്കിന്റെ തുക പദ്ധതി ചെലവിന്റെ യഥാക്രമം 56%, 51% ആണ്. |
| (ബി) | പ്രസ്തുത പാക്കേജുകളിൽ സിവിൽ വർക്ക് എത്ര ശതമാനമാണ് എന്ന് വിശദമാക്കാമോ; | | |
| (സി) | കെ.എസ്.ഇ.ബി. എസ്റ്റിമേറ്റുകളുമായി ബന്ധപ്പെട്ട് കഴിഞ്ഞ അഞ്ചു വർഷത്തിനുള്ളിൽ ബോർഡ് അംഗീകരിച്ച സർക്കാർ ഉത്തരവുകളുടെ വിശദാംശങ്ങൾ നൽകുമോ? | (സി) | G.O(MS) No.498/15/Fin. Dated 03.11.2012, G.O(P) No.30/2016/Fin. Dated 29.02.2016 എന്നീ ഉത്തരവുകൾ പ്രകാരം എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നതിന് PRICE സോഫ്റ്റ് വെയർ ഉപയോഗിക്കണമെന്ന് നിഷ്കർഷിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ 07.05.2018-ലെ B.O (DB) No.1192/2018 (DGC/ AEE.II/ general/2016 ഉത്തരവ് പ്രകാരം KSEBL എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നതിന് PRICE സോഫ്റ്റ് വെയർ ഉപയോഗിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. സിവിൽ നിർമ്മാണ ജോലികൾക്കുള്ള എസ്റ്റിമേറ്റുകൾ ഇതനുസരിച്ച് പ്രൈസ് സോഫ്റ്റ് വെയറിലാണ് തയ്യാറാക്കുന്നത്. ഏറനാട് പാക്കേജിൽ ഉൾപ്പെടുന്ന മാടക്കത്തറ 400 കെ.വി സബ്സ്റ്റേഷനിൽ നിന്നും അരീക്കോട്ടേക്ക് വലിക്കുന്ന 400 കെ.വി ലൈനും, മാടക്കത്തറ മുതൽ നല്ലളം വരെ നിർമ്മിക്കുന്ന 220 കെ.വി. ലൈനും NRHTLS പാക്കേജിൽ ഉൾപ്പെടുന്ന കക്കയം മുതൽ നല്ലളം വരെയുള്ള 110 കെ.വി സർക്യൂട്ട് ഉയർന്ന ശേഷിയുള്ള HTLS കണ്ടക്ടർ |

| | | | |
|---|---|---|---|
| | | | ഉപയോഗിക്കുന്ന പ്രവൃത്തിയും L1 bidder ആയ M/s Sterlite Power Transmission Ltd ന് നല്കുന്നതിനുള്ള ഗവണ്മെന്റ് ഉത്തരവ് G.O(MS) No.23/2017/PD dated 23.10.2017 ലഭിക്കുകയും ബോർഡ് അതു പ്രകാരം B.O (FTD) No.2666/2017 (D((T&SO)/ PSE/ Transgrid/ Ernad & HTLS/17-18/ dated 26.10.2017 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.<br>G.O(Rt)No.195/2016/PD dated 06.10.2016 പ്രകാരം 6375 കോടി രൂപയ്ക്ക് ട്രാൻസ്ഗ്രിഡ് പദ്ധതിയ്ക്ക് സർക്കാർ ഭരണാനുമതി നല്കി.<br>കെ.എസ്.ഇ.ബി എസ്റ്റിമേറ്റുകളുമായി ബന്ധപ്പെട്ട്, G.O(P) No.429/15/Fin dated 28.09.2015 എന്ന സർക്കാർ ഉത്തരവിലെ clause 3(ii), B.O.(DB) No.863/2019 D(GE)/G2/RMU-KTDY/2019-20 date 23.11.2019 പ്രകാരം കെ.എസ്.ഇ.ബി –ൽ അംഗീകരിച്ചു കൊണ്ട് ഉത്തരവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ